# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2809 09.05.17 ൽ മറുപടിയ്ക്ക്

### സൂപ്പർ ക്ലാസ് റൂട്ടുകളിലെ സമാന്തര സർവീസ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏതൊക്കെയാണ്;ഈ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിട്ടുള്ള സ്വകാര്യ ബസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;ഏതൊക്കെ റൂട്ടുകളിലാണ് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുള്ളത്; | (എ) | ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ളവ (FP, Super FP, Express, Super Express തുടങ്ങിയവ)യെയാണ് സൂപ്പർ ക്ലാസ്സ് സർവ്വീസ് എന്നതുകൊണ്ട് ഉദ്ദേശിയ്ക്കുന്നത്.<br>ഇത്തരത്തിലുള്ള 241 സർവ്വീസുകൾക്ക് കേരളത്തിനകത്ത് സ്വകാര്യ മേഖലയിൽ പെർമിറ്റ് നൽകിയിട്ടുണ്ടായിരുന്നു. ഇതിൽ പലതും അതാത് ആർ.ടി.എ.കളിൽ നിന്നും കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തു നടത്തിവരുന്നുണ്ട്. |
| (ബി) | ബഹു:ഹൈക്കോടതി വിധിയനുസരിച്ച് കെ.എസ്.ആർ.ടിസി. സർവ്വീസ് ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ റൂട്ടുകളിലാണ്; ഈ സർവ്വീസുകളൊക്കെ ഇപ്പോഴും തുടരുന്നുണ്ടോ; | (ബി) | ബഹു.കേരള ഹൈക്കോടതിയിലെ 29.09.2014-ലെ WP (C ) 18786/2014-ഉം അനുബന്ധ കേസുകളും സംബന്ധിച്ച വിധി അനുസരിച്ച് 241 സ്വകാര്യ സൂപ്പർ ക്ലാസ് പെർമിറ്റുകളിൽ 233 പെർമിറ്റുകൾ കാലാവധി തീരുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്. റൂട്ട് സംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത സർവ്വീസുകൾ ഇപ്പോഴും തുടരുന്നുണ്ട്. |
| (സി) | ഇതേ റൂട്ടുകളിൽ പലതിലും കോൺട്രാക്ട് കാര്യേജ് പെർമിറ്റ് എടുത്ത ശേഷം സ്വകാര്യ ബസുകൾ ഓൺലൈൻ ബുക്കിംഗിലൂടെയും, ടെലഫോൺ കോളുകളിലൂടെയും യാത്രക്കാരെ പല സ്ഥലങ്ങളിൽ നിന്നും കയറ്റുകയും ഇടയ്ക്ക് ഇറങ്ങാൻ അനുവദിക്കുകയും ചെയ്ത് സമാന്തര സർവ്വീസ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇത്തരം സമാന്തര സർവ്വീസുകളെപ്പറ്റി ലഭിയ്ക്കുന്ന പരാതികളിൽ യഥാസമയം നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ആർ.ടി.ഒ.കളിൽ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഈ പരാതിയെക്കുറിച്ച് അന്വേഷിക്കുകയോ വിശദാംശങ്ങൾ കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി)<br>&<br>(ഇ) | സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി മാനേജിംഗ് ഡയറക്ടറുടെ തന്നെ കത്തിന്റെ അടിസ്ഥാനത്തിൽ എ.എം.വി.ഐ. മാരുടെ സേവനം കെ.എസ്.ആർ.ടി.സി രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ |
| (ഇ) | ഇത്തരത്തിൽ സമാന്തര സർവ്വീസ് നടത്തുന്ന ബസുകൾ പിടിച്ചെടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് | | |

| | | | |
|---|---|---|---|
| | ഇതേവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | | പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. |
| (എഫ്) | കെ.എസ്.ആർ.ടിസി.യുടെ ഭാവി കൂടി ഇല്ലാതാക്കുന്ന ഇത്തരം പ്രവണതകളെ കണ്ടെത്തുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (എഫ്) | പെർമിറ്റുള്ള സ്റ്റേജ് കാര്യേജുകളുടെ സമയം സംബന്ധിച്ചുള്ള കെ.എസ്,ആർ.ടി.സി.യുടെ പരാതിയിൻ മേൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. സമയക്രമം തെറ്റിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് മുന്നിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്ക് എതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ 9 വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/- രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**